**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **27-02-2023 - ൽ മറുപടിയ്ക്ക്**

**സേവനഫീസ് വർദ്ധനയും അധിക വിഭവസമാഹരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും എത്ര തവണകളിലായി വിവിധ സേവന ഫീസുകൾ വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2018, 2019 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സേവന നിരക്കുകൾ 5% വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 17/03/2018-ലെ സ.ഉ.(അ) നം.44/2018/ധന, 08/03/2019-ലെ സ.ഉ.(അ) നം.28/2019/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെ രണ്ടു തവണ സേവന നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫീസുകളുടെ നിലവിലെ നിരക്ക് 2016 മെയ് മാസം നിലവിലുണ്ടായിരുന്ന നിരക്കുകളേക്കാൾ എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്; | (ബി) | 2018, 2019 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സേവന നിരക്കുകൾ 5% വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 17/03/2018-ലെ സ.ഉ.(അ) നം.44/2018/ധന, 08/03/2019-ലെ സ.ഉ.(അ) നം.28/2019/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെ രണ്ടു തവണ സേവന നിരക്കുകളിൽ 5% വീതം വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 2016-ലെ നിരക്കിന്റെ 10.25% വർദ്ധനവ് ആണ്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും ഓരോ ബജറ്റ് വഴിയും ജനങ്ങളിൽ നിന്നും അധിക വിഭവ സമാഹരണം നടത്താൻ തീരുമാനിച്ച തുക എത്ര കോടി വീതമായിരുന്നെന്നും അതുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്ര കോടി വീതമായിരുന്നെന്നും വിശദമാക്കാമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും ഓരോ വർഷവും അധിക വിഭവ സമാഹരണം നടത്തുന്നതിന് വേണ്ടി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുകയുടെ വിവരം ചുവടെ കണ്ടാലും. വിവിധ നികുതി/ നികുതിയേതര ഇനങ്ങളിലായിട്ടാണ് അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് ബജറ്റിൽ പ്രത്യേക പരാമർശം നടത്തുന്നത്. പ്രസ്തുത ഇനങ്ങളിൽ പ്രഖ്യാപിച്ച അധിക തുകയിൽ എത്ര തുക സമാഹരിക്കപ്പെട്ടു എന്നത് സംബന്ധിച്ച് പ്രത്യേകമായ കണക്കുകൾ രേഖപ്പെടുത്താറില്ല. |

| സാമ്പത്തിക വർഷം | അധിവ വിഭവ സമാഹരണം മുഖേനയുള്ള പ്രതീക്ഷിത വരുമാനം<br><br>(രൂപ കോടിയിൽ) |
|---|---|

<table>
<tr><td></td><td></td><td></td><td>
<table>
<tr><td colspan="2">മുൻ സർക്കാരിന്റെ കാലത്ത്</td></tr>
<tr><td>2016-17</td><td>805</td></tr>
<tr><td>2017-18</td><td>Nil</td></tr>
<tr><td>2018-19</td><td>970.4</td></tr>
<tr><td>2019-20</td><td>1785</td></tr>
<tr><td>2020-21</td><td>1103</td></tr>
<tr><td colspan="2">ഈ സർക്കാരിന്റെ കാലത്ത്</td></tr>
<tr><td>2021-22</td><td>Nil</td></tr>
<tr><td>2022-23</td><td>602</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>ബജറ്റ് വഴിയല്ലാതെ അധിക വിഭവ സമാഹരണം നടത്തിയ ഘട്ടങ്ങൾ ഏതൊക്കെയായിരുന്നു; ഓരോ ഘട്ടത്തിലും ബഡ്ജറ്റിന് പുറത്തുള്ള അധിക വിഭവ സമാഹരണ ലക്ഷ്യം എത്ര കോടി രൂപയായിരുന്നു; ലക്ഷ്യമനുസരിച്ച് യഥാർത്ഥത്തിൽ സമാഹരിച്ച തുക ഓരോ വർഷവും എത്രയായിരുന്നു; വിശദാംശം ലഭ്യമാക്കാമോ?</td><td>(ഡി)</td><td>സർക്കാർ പദ്ധതികൾ നടത്തുന്നതിനായി ബജറ്റിന് പുറത്ത് അധിക വിഭവ സമാഹരണം നടത്തുന്നില്ല. എന്നാൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേനയുള്ള പദ്ധതികൾക്ക് അവർ വിവിധ സ്രോതസ്സുകളിൽ നിന്നും അധിക വിഭവ സമാഹരണം നടത്തുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ